**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2925** **18-03-2022 - ൽ മറുപടിയ്ക്ക്**

**മുള്ളൻപന്നിയുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നാട്ടിൻപുറങ്ങളിലുൾപ്പെടെ മുള്ളൻപന്നി കൃഷി വ്യാപകമായി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുള്ളൻപന്നി ശല്യം മൂലമുണ്ടാകുന്ന കൃഷിനാശം, പരിക്ക് എന്നീ സംഭവങ്ങൾ കാട്ടുപന്നി ശല്യം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളെക്കാൾ വളരെ കുറവാണ്. |
| (ബി) | മുള്ളൻപന്നിയുടെ ആക്രമണം തടയുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് അറിയിക്കുമോ; ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് അറിയിക്കാമോ; | (ബി) | മുള്ളൻപന്നി ശല്യം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ നിലവിലില്ല. മുള്ളൻപന്നി മൂലം ഉള്ള നാശം കുറവുള്ള കൃഷികൾ ചെയ്യുക എന്നത് മാത്രമാണ് ഫലപ്രദം. മുള്ളൻപന്നി മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്കും മറ്റ് നഷ്ടങ്ങൾക്കും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം അനുവദിച്ച് വരുന്നുണ്ട്. |
| (സി) | ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ഓഫീസുകളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കാമോ? | (സി) | മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ, താമരശ്ശേരി ആസ്ഥാനമായുള്ള ആർ.ആർ.ടി, പെരുവണ്ണാമൂഴി, കുറ്റ്യാടി, താമരശ്ശേരി റെയിഞ്ച് ഓഫീസുകൾ, അവയുടെ കീഴിലുള്ള സെക്ഷൻ, സ്റ്റേഷൻ ഓഫീസുകൾ എന്നിവയ്ക്ക് ചുമതലയുണ്ട്. |

സെക്ഷൻ ഓഫീസർ